"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.ത.സ്വ.ഭ.വ-ആർസി2/58/2021-ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ വകുപ്പ്

തിരുവനന്തപുരം,

തീയതി: 28/07/2021

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - റെസിഡൻഷ്യൽ ഹോം സ്റ്റേ ഒഴികെയുള്ള ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്കുകൾ ബാധകമാക്കുന്നതിന് നിർദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. 08/09/2020-ലെ സ.ഉ. (അ) നമ്പർ 52/2020/ത.സ്വ.ഭ.വ.
2. 08/09/2020-ലെ സ.ഉ. (അ) നമ്പർ 53/2020/ത.സ്വ.ഭ.വ.

താമസിക്കുന്ന വീടിനൊപ്പമുള്ള മുറികളിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം നൽകുന്ന കെട്ടിടങ്ങളെ റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന പുതിയ വിഭാഗത്തിൽ ഉൾപ്പെടുത്തി സൂചന 1 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, റെസിഡൻഷ്യൽ ഹോം സ്റ്റേ ഒഴികെയുള്ള കെട്ടിട ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ ബാധകമാക്കി സൂചന 2 പ്രകാരവും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, താമസിക്കുന്ന വീടിനോടൊപ്പമുള്ള റെസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക്, റെസിഡൻഷ്യൽ ഹോം സ്റ്റേ ഒഴികെയുള്ള ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്കുകൾ മാത്രമേ ബാധകമാക്കാൻ പാടുള്ളൂ. വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ഇക്കാര്യം പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്. അതിനായി വകുപ്പുതലത്തിൽ പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

നന്ദന ആർ പി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I/ഓഡിറ്റ്-II), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ടൂറിസം വകുപ്പ് (Ref: TOUR-C1/138/2020-TOUR)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. LSGD-RC2/58/2021-LSGD)

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ.